ക്കൽ എന്നീ സ്കീമുകൾ ഏകോപിപ്പിച്ച് മെഡിക്കൽ കോളേജുകളിൽ അത്യാവശ്യ മെഡിക്കൽ സേവനങ്ങൾ എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. റോഡപകടങ്ങളിലും, പ്രകൃതിക്ഷോഭം, മറ്റ് കൂട്ട അത്യാഹിതങ്ങൾ എന്നിവയിലുംപെട്ട് ചികിത്സ ആവശ്യമായി വരുന്നവർക്ക് അടിയന്തിര ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഇതുകൂടാതെ ഈ പദ്ധതി പ്രകാരം വിഷചികിത്സാകേന്ദ്രം, ആന്റിഡോട്ട് മരുന്നുകളുടെ ബാങ്കുകളും മുഴുവൻ സമയവും പ്രവർത്തിക്കുന്ന ലബോറട്ടറി സൗകര്യങ്ങൾ, പാരാമെഡിക്കൽ സ്റ്റാഫിന്റെ മുഴുവൻ സമയസേവനം, ആംബുലൻസിന്റെ സേവനം, മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിക്കൽ, ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫുകൾക്കും വേണ്ടിയുള്ള തുടർച്ചയായ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, ആവശ്യമുള്ള പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യൽ എന്നീ പ്രവർത്തനങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

ആരോഗ്യ വകുപ്പിൽ നാഷണൽ ഹൈവേയിലുള്ള ആശുപത്രികൾക്ക് 'എമർജൻസി മെഡിക്കൽ സർവ്വീസ്' എന്ന് സ്കീമിൽപെടുത്തി ഒ.പി. വിഭാഗം പരിഷ്കരിച്ചുവരുന്നു. വിവിധതലത്തിലുള്ള ട്രോമാ കെയർ സംവിധാനം എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ഏർപ്പെടുത്തി വരികയാണ്.

(ബി) അത്യാഹിത വിഭാഗത്തിൽ മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭ്യമാണ്. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ആവശ്യമുള്ള സന്ദർഭങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.

(സി) നാമമാത്രമായ സഹായങ്ങൾ ലഭിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ നിലവിലില്ല. എന്നാൽ ദ്വിതീയ തലത്തിലുള്ള ആശുപത്രികളുടെ വികസനത്തിനായി 432.62 കോടി രൂപയുടെ ഒരു പ്രോജക്ട് നിർദ്ദേശം കേന്ദ്രഗവൺമെന്റിന്റെ പരിഗണനക്കയച്ചിട്ടുണ്ട്.

10 (*290) മനുഷ്യാവകാശ കമ്മിഷൻ

ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യാവകാശ കമ്മിഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനകം ഈ കമ്മീഷൻ മുമ്പാകെ എത്ര പരാതികൾ ലഭിച്ചു; എത്ര പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ചു;

(സി) കമ്മിഷനു ലഭിക്കുന്ന പരാതികളിന്മേൽ യഥാസമയം തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് 11.12.98-ലെ ജി.ഒ.(പി) 523/98/നിയമം, ജി.ഒ. (പി) 524/98/നിയമം എന്നീ സർക്കാർ വിജ്ഞാപനങ്ങൾ പ്രകാരം മനുഷ്യാവകാശ കമ്മിഷൻ രൂപീകരിച്ചിട്ടുണ്ട്.

(ബി) കമ്മിഷൻ മുമ്പാകെ 645 പരാതികൾ ലഭിച്ചതിൽ 90 എണ്ണത്തിന്മേൽ ഇതിനകം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(സി) രജിസ്റ്റർ ചെയ്യുന്ന പരാതികൾ താമസംവിനാ കമ്മിഷൻ മുമ്പാകെ ഹാജരാക്കുക, കിട്ടുന്ന പരാതികൾ കമ്മിഷന്റെ അധികാര പരിധിയിൽ വരുന്നതാണോ, അല്ലയോ എന്ന് തീരുമാനിക്കുക, സ്വീകാര്യമായ പരാതികളിൻമേൽ കമ്മിഷൻ തന്നെ അന്വേഷിക്കണമോ അഥവാ അന്വേഷണ ഏജൻസിയെ ഏൽപ്പിക്കണമോ എന്ന് തീരുമാനിക്കുക, അന്വേഷണ ഏജൻസിയെ ഏൽപ്പിക്കുന്നുവെങ്കിൽ ചീഫ് ഇൻവെസ്റ്റിഗേഷൻ ആഫീസറോട് (പോലീസ് ഇൻസ്പെക്ടർ ജനറൽ) നിശ്ചിത സമയത്തിനുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുക, കമ്മിഷന് യുക്തമെന്ന് തോന്നുന്നപക്ഷം സംസ്ഥാനഗവൺമെന്റിന് കീഴിലുള്ള അന്വേഷണ ഏജൻസിയെകൊണ്ട് സംസ്ഥാനഗവൺമെന്റിന്റെ സമ്മതത്തിനു വിധേയമായി അന്വേഷിപ്പിക്കുകയോ അഥവാ കമ്മിഷൻ നേരിട്ട് അന്വേഷിക്കേണ്ടതാണെങ്കിൽ സംഭവ സ്ഥലത്ത് നേരിട്ട് പോവുകയോ അഥവാ കമ്മിഷനാഫീസിൽ സാക്ഷികളെ വരുത്തി തെളിവെടുപ്പ് നടത്തി തീരുമാനമെടുക്കുകയോ ചെയ്യുക, പരാതിയുടെ ഗൗരവം അനുസരിച്ച് ക്യാമ്പ് സിറ്റിംഗ് നടത്തി തീരുമാനമെടുക്കുക എന്നിവയാണ് മനുഷ്യാവകാശ കമ്മിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപ്പിൽ വരുത്താനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട സംവിധാനങ്ങൾ.

11 (*291) തീരപ്രദേശങ്ങളിലെ പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരപ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പകരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ.

(ബി) പ്രസ്തുത പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഇവ തടയുന്നതിന് ആവശ്യമായ മരുന്നുകൾ എപ്പോഴും ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) സാംക്രമിക രോഗങ്ങളും പകർച്ച വ്യാധികളും തടയുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) എല്ലാ പ്രതിരോധ കുത്തിവയ്പ്പുകളും തീരപ്രദേശങ്ങളിൽ വ്യാപകമായി നൽകുന്നുണ്ട്. തീരപ്രദേശങ്ങളിൽ ധാരാളമായി കണ്ടുവരുന്ന വയറിളക്കം, കോളറ എന്നിവ നിയന്ത്രിക്കുന്നതിനായി വിപുലമായ രീതിയിൽ ബോധവൽക്കരണം, കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ മറ്റ് ആരോഗ്യപ്രവർത്തനങ്ങൾ ഇവ നടത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ

LIBRARY ARCHIVES Kerala Legislative Assembly